# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊവ്വന്നൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എടിഎസ് ആർ (പി2)196/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എടിഎസ് ആർ (പി2)196/2023. തീയ്യതി: 20/03/2023

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-06-2022 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 17-01-2023 | 25-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2023 | 25-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ചിത്ര വിനോബാജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| **ജോൺ പി.ആർ** | സെക്രട്ടറി | 01-04-2021 | 26-07-2021 |
| രമാദേവി പി | സെക്രട്ടറി | 26-07-2021 | 31-03-2022 |
| മായാദേവി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| സീമ ടി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| രജീന വി.സി | അഗ്രികൾച്ചർ ഓഫീസർ | 01-04-2021 | 31-03-2022 |
| അംബുജാക്ഷി ടി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കാണിപ്പയ്യൂർ സർക്കിൾ, ചൊവ്വന്നൂർ സർക്കിൾ) | 01-04-2021 | 15-09-2021 |
| ചിത്ര സി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കാണിപ്പയ്യൂർ സർക്കിൾ, ചൊവ്വന്നൂർ സർക്കിൾ) | 16-09-2021 | 06-10-2021 |
| ധന്യ സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കാണിപ്പയ്യൂർ സർക്കിൾ, ചൊവ്വന്നൂർ സർക്കിൾ) | 07-10-2021 | 31-03-2022 |
| ഷിമി ഇ ചന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| മിഥുല എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| വിജേഷ് വിജയൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഉമ കെ.ശങ്കർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| മിനി വി.ജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 04-05-2021 |
| സുഹാന എ.ഐ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-05-2021 | 31-10-2021 |
| മിനി വി.ജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.സലീൽ യു | മെഡിക്കൽ ഓഫീസർ (വെറ്ററിനറി) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി -റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | സർവ്വീസ് സെസ്(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | സർവീസ് സെസ് (കുടിശ്ശിക)- ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 18 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-8 |
| 19 | വസ്തു നികുതിയുടെ **മേൽ സർചാർജ്** ഈടാക്കുന്നതായി സഞ്ചയയി**ൽ** ഇല്ല | 1-10-9 |
| 20 | ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-10-10 |
| 21 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-11 |
| 22 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-12 |

| | | |
|---|---|---|
| 23 | കാഷ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന ഇനങ്ങൾ അതത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-10-13 |
| 24 | മുൻകൂറായി ലഭിച്ച തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-10-14 |
| 25 | Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-15 |
| 26 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-16 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-17 |
| 28 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-18 |
| 29 | ഡിപ്രിസിയേഷൻ - അതത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല | 1-10-19 |
| 30 | ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-20 |
| 31 | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-21 |
| 32 | 2020-21 ലെയും 2021-22ലെയും വാർഷിക കണക്കിലെ ശീർഷകങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-10-22 |
| 33 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-23 |
| 34 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല | 1-10-24 |
| 35 | ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല | 1-10-25 |
| 36 | Capital Contribution -തുകയിൽ മാറ്റം വരുത്തിയിട്ടില്ല | 1-10-26 |
| 37 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്തത് 12699/- രൂപ | 1-10-27 |
| 38 | Capital Work In Progress-കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-10-28 |
| 39 | സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - ശീർഷകങ്ങളിൽ വ്യത്യാസം | 1-10-29 |
| 40 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-10-30 |
| 41 | ട്രയൽ ബാലൻസുമായി ബന്ധപ്പെട്ട അപാകതകൾ | 1-10-31 |
| 42 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-11 |

| | | |
|---|---|---|
| 43 | ഒരേ സമയം ഒന്നിലധികം രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു നൽകി | 1-12 |
| 44 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 45 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല. | 1-14 |
| 46 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-15 |
| 47 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല | 1-16 |
| 48 | ഒരു അർദ്ധവർഷത്തിൽ ഒന്നിലധികം ഡിമാൻഡ്. | 1-17 |
| 49 | നികുതി പുനർനിർണയം-നടപടികൾ വേഗത്തിലാക്കേണ്ടതാണ്. | 1-18 |
| 50 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-19 |
| 51 | വ്യാപാരലൈസൻസ്- അപാകങ്ങൾ | 1-20 |
| 52 | മരുന്നുകൾ നാളിതു വരെ പൂർണ്ണമായും ലഭ്യമായില്ല. | 1-21 |
| 53 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 54 | ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നല്കി | 1-23 |
| 55 | താല്ക്കാലിക നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടില്ല | 1-24 |
| 56 | വിനിയോഗ സാക്ഷ്യപത്രം, ലഭ്യമാക്കിയിട്ടില്ല. | 1-25 |
| 57 | കുടിവെള്ളപദ്ധതികൾ - ബാലൻസ് തുക തിരികെ ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 58 | വീട് വാസയോഗ്യമാക്കൽ - അർഹതയില്ലാതെ ആനുകൂല്യം നൽകി തുക തിരികെ ഈടാക്കേണ്ടതാണ്. | 1-27 |
| 59 | ലൈഫ് ഭവനപദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 60 | അങ്കണവാടി അനുപൂരക പോഷകാഹാരം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-29 |
| 61 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം -രേഖകൾ ഹാജരാക്കിയില്ല. | 1-30 |
| 62 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ,അനുബന്ധ സാമഗ്രികൾ വാങ്ങൽ -സ്റ്റോക്ക് ലഭ്യമായിട്ടില്ല | 1-31 |
| 63 | മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല | 1-32 |
| 64 | പൂർത്തീകരണ കാലതാമസത്തിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| പാസ്സാക്കിയതിയതി | 17.02.2021 |
| കമ്മിറ്റിതീരുമാനം | 2 |
| പ്രതീക്ഷിതവരവ് | പ്രതീക്ഷിതചെലവ് |
| 135512000 | 135337000 |
| റിവൈസ്ഡ്ബജറ്റ് | |
| പാസ്സാക്കിയതിയതി | 19.03.2022 |
| കമ്മിറ്റിതീരുമാനം | 1(1) |
| വരവ് | ചെലവ് |
| 128096674 | 130646569 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 31-07-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10693875 |
| വരവ് | 58628309 |
| ആകെ | 69322184 |
| ചെലവ് | 58371698 |
| നീക്കിയിരിപ്പ് | 10950486 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 9082504 | 9082504 | 9082504 | 0 |
| വികസനഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 3541791 | 3541791 | 3237570 | 304221 |
| വികസനഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 7682850 | 7682850 | 7363000 | 319850 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | 0 | 4870979 | 4870979 | 3907193 | 963786 |
| സെൻട്രൽഫിനാൻസ്കമ്മീഷൻഗ്രാന്റ് (ACR പ്രകാരം) | 0 | 7670042 | 7670042 | 6318882 | 1351160 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 155 | 59658883 | 138 | 39317996 | 65.9% | 89% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 354348 | 354348 | 354348 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12555250.36 | 12555250.36 | 12555250.36 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 7200 | 9 |
| കർഷകതൊഴിലാളിപെൻഷൻ | 3470400 | 231 |
| വിധവാപെൻഷൻ | 12636400 | 800 |
| വാർദ്ധക്യകാലപെൻഷൻ | 19831300 | 1335 |
| വികലാംഗപെൻഷൻ | 3101400 | 196 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1787200 | 113 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2023 തീയതിയിൽ 4.15 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2671/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം.4/19.01.2023)

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS

ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1514360 | 1510638 | 4904 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1514725 | 1670323 | 25671 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ, മുൻകൂർ തുക ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1250259 | 1240726 | 9694 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1250259 | 1240722 | 11321* | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*1291 രൂപ റെസിഡൻഷ്യൽ തൻവർഷ കളക്ഷനിലേക്കും 10030 നോൺ റെസിഡൻഷ്യൽ തൻവർഷ കളക്ഷനിലേക്കുമാണ് ക്രമീകരിച്ചിട്ടുള്ളത്.

1. മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 77882 | 59 | 77941 | 77519 | 58 | 77577 | 323 | | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 62882 | 5 | 62887 | 62887 | 3 | 62890 | 488 | | 0 | 0 | 0 |
| | ആകെ | | | 140828 | | | 140467 | 811 | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 140846 | | | 139987 | | | | 140846 | 0 | | |
| | | 0+140846 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt . Cess/levies.. .... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നീ തുകകൾ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 139987/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 140467/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 140846/- രൂപയാണ്. (വൗച്ചർ 42100637, 44100654 തീ.31.3.2022 (139990+856=140846))

## 1-10-5 സർവ്വീസ് സെസ്(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ + നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 690952 (378669+309890) | 687498 (377608+309890) | 3642 (1217+2425) | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 691043 | 676071 | 5921* | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410105- Advance Collectioncollection Of Revenues- Service Cess On Residential Buildings-ന്റെ ലെഡ്ജർ) | |

*5921 രൂപ റെസിഡൻഷ്യൽ തൻവർഷ കളക്ഷനിലേക്കാണ് ക്രമീകരിച്ചിട്ടുള്ളത്.

## 1-10-6 സർവീസ് സെസ് (കുടിശ്ശിക)- ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ + നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 261 | 261 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0<br>(2020-21 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | 261<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 0 |

## 1-10-7 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര. ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 2207 | 25895 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 11 | 4251 |

## 1-10-8 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 95 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന്

ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-9 വസ്തു നികുതിയുടെ മേൽ സർചാർജ് ഈടാക്കുന്നതായി സഞ്ചയയിൽ ഇല്ല

RP-45 പ്രകാരം 431100107-Recievables For Surcharge Of Property Tax (Current) എന്ന ഇനത്തിൽ 11518 രൂപ വരവുണ്ട്. പഞ്ചായത്തിൽ വസ്തു നികുതിയുടെ മേൽ സർചാർജ് ഈടാക്കുന്നതായി സഞ്ചയയിൽ രേഖപ്പെടുത്തൽ ഇല്ല.

### 1-10-10 ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 166950 | 31.3.2022 | 42100651 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-11 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
- തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
- ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
- പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
- ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
- വാടക ഡിമാൻഡ് രജിസ്റ്റർ
- ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ
- ലൈബ്രറി രജിസ്റ്റർ

### 1-10-12 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
| മുറി വാടക | 166950 | 166950 | 176509 | 166950 | 0 | 0 |

## 1-10-13 കാഷ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന ഇനങ്ങൾ അതത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| Rent From Auditorium & Halls | 25000 | 20000 | 25000 |

## 1-10-14 മുൻകൂറായി ലഭിച്ച തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 2160 |

## 1-10-15 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18,ഐ-19) പ്രകാരം “290000000-Prior Period Expenditure, 190000000-Prior Period Income” എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18,I-19) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290600401 -Prior Period Expenses-Remittance Of Unutilised Grants To Government | -100,000 |
| 290600499-Prior Period Expenses - Remission And Refund - Other Incomes | -28,319 |
| 290800101 -Prior Period Expenses - | -668,411 |

| | |
|---|---|
| Establishment Expenses | |
| 290800201 – Prior Period Expenses - Administrative Expenses | -80,484 |
| 190100101 –Prior Period Income-Property Tax | 2,310 |

## 1-10-16 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 25661 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2051072 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-19 ഡിപ്രിസിയേഷൻ - അതത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുന:ക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-10-20 ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. പ്രോജക്ടുകൾ മുഖേന സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

## 1-10-21 അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|

| | | | | |
|---|---|---|---|---|
| 460500501-Advance To Implementing Officers | Refund | 248000* | Refund | 36806 |
| 460100103 -Temporary Advance For Official Purposes | Refund | 354348 | Refund | 0 |
| | Payment | 604616 | Payment | 302980 |
| | C.B | 456368** | C.B | 0 |

**പ്രസ്തുത തുക 460500801-Advance To Mahatma Gandhi NREGA/AUEGS Administrative Expense എന്ന ഇനത്തിന്റെ ക്ലോസിങ് ബാലൻസ് ആയാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

*211194 രൂപ ജേർണൽ എൻട്രി മുഖേന രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ആയതിനു ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-10-22 2020-21 ലെയും 2021-22ലെയും വാർഷിക കണക്കിലെ ശീർഷകങ്ങൾ പൊരുത്തപ്പെടുന്നില്ല

2020-21 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ 460500204- Advance To Implementing Agencies - Deposit With Ground Water Department എന്ന ശീർഷകത്തിൽ തുക 2021-22 വർഷത്തെ വാർഷിക കണക്കിൽ 460500205-Advance To Implementing Agencies - Deposit With Public Works Department എന്ന ഇനത്തിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (രണ്ടു ഇനത്തിലും 2021-22 വർഷത്തിൽ ട്രാൻസാക്ഷൻസ് ഇല്ല)

## 1-10-23 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|
| 340200199-Other Deposits | രേഖപ്പെടുത്തൽ ഇല്ല | OB | 0 |
| | | Receipts | 3000 |
| | | Payment | 0 |
| | | CB | 3000 |

## 1-10-24 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2608300 | 450210201 | TSB JOINT VENTURE/1131-(79901140001131) | 1000000 |
| 2 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 188081 | | | |
| 3. | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 462632 | | | |

| | | | | |
|---|---|---|---|---|
| 4 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 1026379 | |

## 1-10-25 ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | SBI – സാക്ഷരത | 2557 |
| 2 | 450210101 | SBI – Pension | 10159 |

## 1-10-26 Capital Contribution -തുകയിൽ മാറ്റം വരുത്തിയിട്ടില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (45092585/-) 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-10-27 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്തത് 12699/- രൂപ

SBI, E Pay(37257712911) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 15932/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 12699/- രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

. SBI,Grant Fund / KVP (10531203093) എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.3.2022 ലെ ബാലൻസ് ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം '0' രൂപ ആണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് / ബാങ്ക് ബുക്ക് എന്നിവ പ്രകാരം ആയത് 456041 രൂപയാണ്.

## 1-10-28 Capital Work In Progress-കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 853456 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുകകളുടെ വിവരം ലഭ്യമല്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-10-29 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറ്റം - ശീർഷകങ്ങളിൽ വ്യത്യാസം

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് 05/9/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 06/9/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1 Opening Balance Sheet

31/03/21 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ

ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

2 പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് 05/9/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 06/9/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. 05/9/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account, Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലെക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2.1 Receipt And Payment Statement

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

2.2. Income And Expenditure Account

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

2.3. Balance Sheet

ILGMS ൽ Opening Balancesheet (1/4/21 പ്രകാരമുള്ളത് )രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിപ്പിച്ച തീയ്യതിയിലെ (05/9/21) Receipt, Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMS ലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി മാറ്റിയതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ളശീർഷകം | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 05/9/21ലെ നീക്കിയിരിപ്പ് | ILGMS പ്രകാരമുള്ള ശീർഷകം | ILGMS ലെ 21/9/20 ലെ മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 310000000-Panchayat Fund | -2,313,951 | 310000000-Panchayat Fund | -2,313,931 | +20 |
| 350110102-Employee Liabilities - Net Salary Payable | 4466 | 350110102-Employee Liabilities - Net Salary Payable | 4,446 | -20 |

## 1-10-30 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 109003830 |
| ആകെ ചെലവ് (B) | | 107058775 |
| മിച്ചം തുക C= A-B | | 1945055 |
| Prior Period Income | 2310 | |
| Prior Period Expenditure | -877214 | |
| Net Difference Between Prior Period Income And Expenses ( D ) | | 879524 |

| | | |
|---|---|---|
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 2824579 |

എന്നാൽ ILGMSൽ തയ്യാറാക്കിയിട്ടുള്ള വാർഷിക കണക്കിൽ 1070151/- രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. തുടർന്ന് 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരമാണ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത്.

| | |
|---|---|
| 31/3/21ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -2694380 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 161864 |

യഥാർത്ഥത്തിൽ 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിടേണ്ടത് 130199/- രൂപയായിരുന്നു.

| | |
|---|---|
| 31/3/21ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -2694380 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | 2824579 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 130199 |

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻവർഷ ചെലവുകളോടൊപ്പം 190000000-Prior Period Income എന്ന ശീർഷകത്തിൽ 2310 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-10-31 ട്രയൽ ബാലൻസുമായി ബന്ധപ്പെട്ട അപാകതകൾ

- Income And Expenditure Account I-18 പ്രകാരമുള്ള -28319 രൂപ ട്രയൽ ബാലൻസിൽ ഉൾപ്പെട്ടിട്ടില്ല.
- ട്രയൽ ബാലൻസ് ശീർഷകം 413910201- Outdoor Collection Control Account പ്രകാരമുള്ള 31645/-രൂപ ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട ഇത്തരം അപാകതകൾ IKM മായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

## 1-11 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | രാഘവൻ പി കെ | 6.4.2021 | 107200200288 | ആക്ടീവ് |
| 2 | തങ്ക | 21.5.2021 | 107200200663 | ആക്ടീവ് |
| 3 | കമലാക്ഷിയമ്മ | 16.12.2021 | 107200200774 | ആക്ടീവ് |
| 4 | മോഹനൻ എം | 12.2.2022 | 107200200889 | ആക്ടീവ് |

| | | | | |
|---|---|---|---|---|
| | എ | | | |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | രാഘവൻ പി കെ | 107200200288 | വാർദ്ധക്യകാല പെൻഷൻ | 6.4.2021 | 29/2021 23.4.2021 | ആക്റ്റീവ് | 5/21 - 11/22 | 1600 | 30400 | 30400 |
| 2 | തങ്ക | 107200200663 | വാർദ്ധക്യകാല പെൻഷൻ | 21.5.2021 | 47/2021 22.6.2021 | ആക്റ്റീവ് | 6/21 - 11/22 | 1600 | 28800 | 28800 |
| 3 | കമലാക്ഷിയമ്മ | 107200200774 | വാർദ്ധക്യകാല പെൻഷൻ | 16.12.2021 | 3/2022 5.1.2022 | ആക്റ്റീവ് | 1/22 - 11/22 | 1600 | 17600 | 17600 |
| 4 | മോഹനൻ എം എ | 107200200889 | വാർദ്ധക്യകാല പെൻഷൻ | 12.2.2022 | 21/2022 24.2.2022 | ആക്റ്റീവ് | 3/22 - 11/22 | 1600 | 14400 | 14400 |
| 5 | ശാന്ത വി കെ | 107200600735 | വിധവ പെൻഷൻ | 27.10.2021 | 11/2022 20.1.2022 | സസ്പെൻഡ് | 11/21 - 2/22 | 1600 | 6400 | 6400 |
| 6 | ഗംഗാധരൻ നായർ | 107200200278 | വാർദ്ധക്യകാല പെൻഷൻ | 14.2.2022 | 20/2022 23.2.2022 | സസ്പെൻഡ് | 3/22 - 5/22 | 1600 | 4800 | 4800 |
| | ആകെ അധികം നൽകിയ തുക | | | | | | | | | 102400 |

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ചൊവ്വന്നൂർ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | പദ്മാവതി എ കെ | 107450100516 | കർഷക തൊഴിലാളി പെൻഷൻ | 2.4.2021 | 27/2021 9.4.2021 | ആക്റ്റീവ് | അടാട്ട് ഗ്രാമപഞ്ചായത്ത് | 5/21 - 11/22 | 1600 | 30400 | 30400 |
| 2 | ജോസ് ടി എൽ | 2220266824 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 11.5.2021 | 43/2021 22.6.2021 | ആക്റ്റീവ് | Agriculture Office,Chowannur | 6/21 - 11/22 | 1600 | 28800 | 28800 |
| 3 | കാർത്യായനി | 107400200316 | വാർദ്ധക്യകാല പെൻഷൻ | 27.5.2021 | 69/2021 6.8.2021 | സസ്പെൻഡ് | കോലഴി ഗ്രാമപഞ്ചായത്ത് | 6/21 - 10/21 | 1600 | 8000 | 8000 |
| 4 | വർഗീസ് ടി ആർ | 2220266963 | ക്ഷേമനിധി ബോർഡ് | 10.9.2021 | 88/2021 21.10.2021 | ആക്റ്റീവ് | Agriculture Office, | 10/21 - | 1600 | 22400 | 22400 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | | | | Chowannur | 11/22 | | | |
| 5 | എൽസി എം കെ | 2220266804 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 5.10.2021 | 92/2021 30.10.2021 | സസ്പെൻഡ് | Agriculture Office, Chowannur | 11/21 - 5/22 | 1600 | 11200 | 11200 |
| 6 | ഗോവിന്ദൻ | 2220266816 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 1.10.2021 | 93/2021 30.10.2021 | ആക്ടീവ് | Agriculture Office, Chowannur | 11/21 | 1600 | 1600 | 1600 |
| 7 | ശ്രീദേവി അന്തർജ്ജനം | 2220266932 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 29.5.2021 | 95/2021 5.11.2021 | ആക്ടീവ് | Agriculture Office, Chowannur | 6/21 - 1/22 | 1600 | 12800 | 12800 |
| 8 | ദേവകി അപ്പുക്കുട്ടൻ | 2220266798 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 7.10.2021 | 99/2021 17.11.2021 | സസ്പെൻഡ് | Agriculture Office, Chowannur | 11/21 - 2/22 | 1600 | 6400 | 6400 |
| 9 | വാസു കെ ഐ | 2220266966 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 14.10.2021 | 100/2021 17.11.2021 | ആക്ടീവ് | Agriculture Office, Chowannur | 11/21 - 11/22 | 1600 | 20800 | 20800 |
| 10 | പൂമക്കുട്ടി | 2220266908 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 29.8.2021 | 101/2021 2.12.2021 | സസ്പെൻഡ് | Agriculture Office, Chowannur | 9/21 - 9/22 | 1600 | 20800 | 20800 |
| 11 | സൈമൺ ടി വി | 102040201720 | വാർദ്ധക്യകാല പെൻഷൻ | 21.10.2021 | 109/2021 | സസ്പെൻഡ് | കുന്നംകുളം നഗരസഭ | 11/21 - | 1600 | 12800 | 12800 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | 18.12.2021 | | | 6/22 | | | |
| 12 | സരോജിനി | 107160600050 | വിധവ പെൻഷൻ | 21.12.2020 | 110/2021 22.12.2021 | ആക്ടീവ് | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | 1/21 - 12/21 | 1600 | 19200 | 19200 |
| 13 | കുരിയപ്പൻ | 2220266945 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 20.12.2021 | 4/2022 11.1.2022 | ആക്ടീവ് | Agriculture Office, Chowannur | 1/22 - 11/22 | 1600 | 17600 | 17600 |
| 14 | കാർത്യാനിയമ്മ | 2220266838 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 22.12.2021 | 6/2022 11.1.2022 | സസ്പെൻഡ് | Agriculture Office, Chowannur | 1/21 - 8/22 | 1600 | 12800 | 12800 |
| | ആകെ അധികം നൽകിയ തുക | | | | | | | | | | 225600 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 13/24.1.23) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 ലെ ഗുണഭോക്താക്കളെ ഡാറ്റബേസിൽ നിന്ന് ഒഴിവാക്കിയതായും അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും മറ്റു സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാതു സ്ഥാപനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനർഹമായി നൽകിയ 102400/- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 ഒരേ സമയം ഒന്നിലധികം രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു നൽകി

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാട്ടുള്ളതല്ല.എന്നാൽ 23.12.2022 ന വെറ്ററിനറി സർജന് 6950, 6951, 6952, 6953 എന്നീ നമ്പറുകളിലുള്ള 4 രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു നൽകിയിട്ടുണ്ട്. നിലവിൽ രസീത് ബുക്ക് നമ്പർ 6950 ലെ 67 രസീതുകൾ മാത്രം ഉപയോഗിക്കുകയും ബാക്കിയുള്ള 3 രസീത് ബുക്കുകൾ ഉപയോഗിക്കാതെ കൈവശം വെച്ചിരിക്കുയുമാണ് ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക

(നമ്പർ 18/24.1.23) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കാനുള്ളതിനാലും പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതിനാലും നിർവഹണോദ്യോഗസ്ഥന്റെ കത്തു പ്രകാരമാണ് രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യതെന്ന അറിയിച്ചിട്ടുണ്ട്. രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയ അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 1,3,8 വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പറുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Ward 1 | | | Ward 3 | | | Ward 8 | | |
|---|---|---|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 343 | 345 | 3 | 377 | 3366 | 2990 | 14 | 14 | 1 |
| Total | | 3 | Total | | 2990 | 66 | 66 | 1 |
| | | | | | | 77 | 77 | 1 |
| | | | | | | 355 | 355 | 1 |
| | | | | | | Total | | 4 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 11/24.1.23) ലഭ്യമാക്കിയ മറുപടിയിൽ വിട്ടുപോയ കെട്ടിടങ്ങൾ പരിശോധിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 2179 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | ( 1 ) Mancheri | 409 | 193 | 216 | 0 | 216 | 0 | 216 | 193 |
| 2 | ( 2 ) Chowannur | 450 | 200 | 250 | 0 | 250 | 0 | 250 | 200 |
| 3 | ( 3 ) Pooshappilly | 447 | 183 | 264 | 0 | 264 | 0 | 264 | 183 |
| 4 | ( 4 ) Vellithiruthy | 426 | 130 | 296 | 0 | 296 | 0 | 296 | 130 |
| 5 | ( 5 ) Pazhunnana | 446 | 122 | 324 | 0 | 324 | 0 | 324 | 122 |
| 6 | ( 6 ) Pazhunnana Thekkumuri | 419 | 172 | 247 | 0 | 247 | 0 | 247 | 172 |
| 7 | ( 7 ) Chemmanthatta | 402 | 169 | 233 | 0 | 233 | 0 | 233 | 169 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 8 | ( 8 ) Puthussery South | 443 | 192 | 251 | 1 | 250 | 0 | 250 | 193 |
| 9 | ( 9 ) Puthussery North | 410 | 161 | 249 | 6 | 243 | 0 | 243 | 167 |
| 10 | ( 10 ) Kanippayyoor | 471 | 175 | 296 | 7 | 289 | 0 | 289 | 182 |
| 11 | ( 11 ) Manthoppu | 467 | 157 | 310 | 0 | 310 | 0 | 310 | 157 |
| 12 | ( 12 ) Kavanam Chittoor | 474 | 149 | 325 | 2 | 323 | 0 | 323 | 151 |
| 13 | ( 13 ) Panthalloor | 424 | 160 | 264 | 0 | 264 | 0 | 264 | 160 |
| | Total | 5688 | 2163 | 3525 | 16 | 3509 | 0 | 3509 | 2179 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 11/24.1.23) ലഭ്യമാക്കിയ മറുപടിയിൽ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 8 / 232 F,G,H,I,J,K, L,N,O,P,Q,R,S,T, U,V,W,X | പി എ അബ്ദുൽ അസീസ്, പോക്കാക്കില്ലത്ത് ഹൗസ് | SC2-935/2021 12.11.2021 | 1.4.2021-30.9.2021 |
| 2 | 8 / 232 F,G,H,I,J,K, L,N,O,P,Q,R,S,T,U.V,W,X | പി എ അബ്ദുൽ അസീസ്, പോക്കാക്കില്ലത്ത് ഹൗസ് | SC2-418/2022 7.2.2022 | 1.10.2021-31.3.2022 |
| 3 | 12 / 2 | ലോറൻസ്, മണ്ടുംപാൽ | GA/2021/661 1.12.2021 | 1.4.2021-30.9.2021 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 11/24.1.23) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യം കണക്കിലെടുത്തും കെട്ടിടങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തിയുമാണ് ഇളവ് അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ (എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസസ്സ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ജി.ഒ(എം.എസ്).358/15/തസ്വഭവ തീ.16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 2 | 154 | | ശേഖരൻ (തെക്കുട്ട്, ചൊവ്വന്നൂർ പി ഒ, 680517, 8606320767(മൊബൈൽ)) | 60.65 |
| 2 | 6 | 19 | D | ചന്ദ്രവതി കെ എ (നീർത്താട്ടിൽ വീട്, ബ്രഹ്മകുളം, 680104,9747441775 (മൊബൈൽ)) | 51.95 |
| 3 | 10 | 153 | A | ലത (കളരിക്കൽ വീട്, പുതുശ്ശേരി, ചൂണ്ടൽ പി ഒ, 680502) | 38.75 |
| 4 | 11 | 191 | A | സുകുമാരൻ (കല്ലിങ്ങൽ, മാന്തോപ്പ്, കാണിപ്പയ്യൂർ പി ഒ, 680517, 9747789796 (മൊബൈൽ)) | 37.18 |
| 5 | 12 | 321 | A | പുഷ്പ മുകുന്ദൻ (വെട്ടത്ത്, കാണിപ്പയ്യൂർ, കാണിപ്പയ്യൂർ പി ഒ, 680517, 8943098971 (മൊബൈൽ)) | 36.58 |
| 6 | 12 | 348 | A | ജെംസി റോയ് പോൾ (തെക്കേക്കര, കാണിപ്പയ്യൂർ, കാണിപ്പയ്യൂർ പി ഒ, 680517, 7559002514 (മൊബൈൽ)) | 36.88 |
| 7 | 13 | 78 | | സുകുമാരൻ (കുന്നത്തുള്ളി ഹൗസ്, പന്തല്ലൂർ, ചൊവ്വന്നൂർ പി ഒ, 680517, 9605118091 (മൊബൈൽ)) | 32 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 11/24.1.23) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങളിൽ പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കെട്ടിട ഉടമകളിൽ നിന്ന് സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുകയോ അല്ലെങ്കിൽ ഇളവ് നൽകിയത് പിൻവലിക്കുകയോ ചെയ്യേണ്ടതാണ്.

## 1-17 ഒരു അർദ്ധവർഷത്തിൽ ഒന്നിലധികം ഡിമാൻഡ്.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ ഒരേ അർദ്ധവർഷത്തിൽ തന്നെ ഒന്നിൽ കൂടുതൽ ഡിമാന്റ് കാണിക്കുന്നുണ്ട് .

| Sl No | New Ward No | New Door No | New Sub No | Owner Details | Year | Period |
|---|---|---|---|---|---|---|
| 1 | 1 | 63 | | കുഞ്ഞിമോൻ (വെള്ളാങ്ങിൽ, | 2013 | First Half |

| | | | | | | |
|---|---|---|---|---|---|---|
| | | | | ചൊവ്വന്നൂർ പി ഒ, 680517, 9645380546 (മൊബൈൽ)) | | |
| 2 | 1 | 63 | | കുഞ്ഞിമോൻ (വെള്ളാങ്ങിൽ,ചൊവ്വന്നൂർ പി ഒ, 680517, 9645380546 (മൊബൈൽ)) | 2013 | Second Half |
| 3 | 1 | 63 | | കുഞ്ഞിമോൻ (വെള്ളാങ്ങിൽ, ചൊവ്വന്നൂർ പി ഒ, 680517, 9645380546 (മൊബൈൽ)) | 2014 | First Half |
| 4 | 1 | 63 | | കുഞ്ഞിമോൻ (വെള്ളാങ്ങിൽ, ചൊവ്വന്നൂർ പി ഒ, 680517, 9645380546 (മൊബൈൽ)) | 2014 | Second Half |
| 5 | 1 | 63 | | കുഞ്ഞിമോൻ (വെള്ളാങ്ങിൽ, ചൊവ്വന്നൂർ പി ഒ, 680517, 9645380546 (മൊബൈൽ)) | 2015 | First Half |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 11/24.1.23) ലഭ്യമാക്കിയ മറുപടിയിൽ അപാകത ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകത പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 നികുതി പുനർനിർണയം-നടപടികൾ വേഗത്തിലാക്കേണ്ടതാണ്.

പഞ്ചായത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 13 വാർഡുകളിലും നികുതി പുനർനിർണയം നടത്തേണ്ട കെട്ടിടങ്ങളെ കണ്ടെത്തി പുനർനിർണയം നടത്തി നികുതി വർദ്ധിപ്പിക്കാൻ വേണ്ടി 29.08.2019ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിരുന്നു. തുടർന്ന് 06.01.2020 തീയതിയിലെ യോഗത്തിൽ ഇതേ വിഷയം വീണ്ടും ചർച്ച ചെയ്ത് തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനു ക്ലർക്കുമാരുടെ എണ്ണത്തിലുള്ള കുറവും തുടർന്ന് വന്ന കോവിഡ് മഹാമാരിയും മൂലം നികുതി പുനർനിർണയം നടത്താൻ സാധിച്ചിട്ടില്ല എന്നും കഴിയുന്നത്ര വേഗത്തിൽ ആയത് പൂർത്തീകരിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചതായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 19/24.1.23) ലഭ്യമാക്കിയ മറുപടിയിൽ വിസ്തീർണം വർദ്ധിപ്പിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ഗ്രാമസഭ, കുടുംബശ്രീ എന്നിവ മുഖേന ശേഖരിച്ചു വരുന്നതായും നികുതി പുനർനിർണയം സംബന്ധിച്ച് സർക്കാർ നിർദ്ദേശാനുസരണം നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണയം എത്രയും വേഗം പൂർത്തിയാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 1-19 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2021-22 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും മേൽ വിലാസവും പഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 18/24.1.23) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 വ്യാപാരലൈസൻസ്- അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 100, 200, 300, 330 എന്നിങ്ങനെ വ്യത്യസ്തമായ നിരക്കുകൾ ലൈസൻസ് ഫീ ആയി ഈടാക്കുന്നുണ്ട്. പ്രസ്തുത നിരക്കുകൾ ഈടാക്കാൻ അവലംബിച്ച മാനദണ്ഡങ്ങൾ വ്യക്തമല്ല. നിരക്കുകൾ നിശ്ചയിച്ച കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമല്ല.

2) മേൽ ചട്ടങ്ങൾ ചട്ടം (18), പട്ടിക III പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 1 മുതൽ 50 വരെയും 201 മുതൽ 216 വരെയും ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ /ഉടമയുടെ പേര് | ലൈസൻസ് രജിസ്റ്റർ നമ്പർ | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | ലിബർട്ടി ഫാബ്രിക്കേഷൻസ് | 1 | 2.75 | 50 | 0 | 50 |
| 2 | ദുർഗ സോഡാ കമ്പനി | 4 | 0.5 | 10 | 0 | 10 |
| 3 | സെന്റ്.മേരീസ് വുഡ് വർക്സ് | 5 | 4 | 50 | 0 | 50 |
| 4 | കൃഷ്ണ ടൈൽസ് | 9 | 10.5 | 200 | 0 | 200 |
| 5 | ഷൈജു ശിവദാസൻ | 15 | 2 | 50 | 0 | 50 |
| 6 | പ്രീമിയർ വെൽഡിങ് വർക്ക്ഷോപ് | 18 | 8.5 | 100 | 50 | 50 |
| 7 | കെ കെ പീറ്റർ | 19 | 7 | 100 | 0 | 100 |
| 8 | ബിനീഷ് പി കെ | 34 | 8 | 100 | 0 | 100 |
| 9 | കെ ടി മോഹനൻ | 35 | 12 | 200 | 0 | 200 |
| 10 | സി എ സദാശിവൻ | 37 | 3.5 | 50 | 0 | 50 |
| 11 | മരിയ ഫ്ലോർ മിൽ | 41 | 15 | 200 | 0 | 200 |
| 12 | ഷെഫി പനക്കൽ | 43 | 13.5 | 200 | 0 | 200 |
| 13 | ജോയ് സി സി | 44 | 8.5 | 100 | 0 | 100 |
| 14 | അരുൺ ഇ തമ്പാൻ | 48 | 3.5 | 50 | 0 | 50 |
| 15 | തെക്കേക്കര റൈസ് & ഫ്ലോർ മിൽ | 49 | 32 | 400 | 0 | 400 |
| 16 | കോക്കനട്ട് വുഡ് കാർവിങ് | 50 | 4.5 | 50 | 0 | 50 |
| 17 | ഗീത സി കെ | 201 | 20 | 200 | 100 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 18 | സക്കറിയ സി ഐ | 210 | 12 | 200 | 0 | 200 |
| 19 | കാർത്തിക റൈസ് മിൽ | 215 | 12 | 200 | 100 | 100 |
| 20 | പഴന്നാന സോമിൽ | 216 | 40 | 400 | 200 | 200 |

3. ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 217 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 233 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 12/24.1.23) ലഭ്യമാക്കിയ മറുപടിയിൽ മേല്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 500/-രൂപയാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ഫീ ഈടാക്കിയിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. വ്യത്യസ്ത ഫീ നിരക്കുകളുടെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.കൂടാതെ ക്രമ നമ്പർ (2)ൽ പരാമർശിച്ചിട്ടുള്ള കുറവ് വന്ന തുക ഈടാക്കുന്നതാണെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ കെട്ടിടങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും മൂലധനാടിസ്ഥാനത്തിൽ ഫീ ഈടാക്കാൻ മാനദണ്ഡം നിശ്ചയിക്കേണ്ടതും മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്ന് കുറവായി ഈടാക്കിയ തുക പിരിച്ചെടുക്കേണ്ടതും ഭാവിയിൽ ലൈസൻസ് നൽകുമ്പോൾ ചട്ട പ്രകാരമുള്ള ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. ട്രേഡേഴ്സ് ലിസ്റ്റിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 മരുന്നുകൾ നാളിതു വരെ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി – നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 51/22 പാലിയേറ്റിവ് കെയർ | PRF 3735 / 1.12.2021 | Vr.22100763 / 10.1.2022 | 200000 | 198718 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| 2 | 52/22 എഫ് എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ | PRF 545/8.6.2021 | Vr.22100342 / 10.6.2021 | 250000 | 217458 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |

ബാക്കിയുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാമെന്ന കാരുണ്യ ഫാർമസിയിൽ നിന്ന് അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നമ്പർ 14/24.1.23 നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി – നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ -55/22 എഫ് എച്ച് സി-ഫാർമസിയും സ്റ്റോറും ശീതീകരിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി വൗച്ചർ നമ്പർ 22100858 /29.9.2021 പ്രകാരം 120000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക 211309000000008877 / 30.9.2021 നമ്പർ ചലാൻ മുഖേന PWD ഇലക്ട്രിക്കൽ വിഭാഗത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ

സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 14/24.1.23), പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നല്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പ്രോജക്ട് നം. 9/22 : സമഗ്രപച്ചക്കറിവികസനം

അടങ്കൽ : 222850/- (വികസന ഫണ്ട് ജനറൽ)

ചെലവ് :26850/-

ട്രഷറി ബിൽ നം. 11/28.02.2022 – 24000/-, ഗുണഭോക്തൃവിഹിതം-2850/-

മേൽ പ്രോജക്റ്റിന്റെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കെ.എസ്. വിശ്വനാഥൻ, കരുമാരപറമ്പിൽ എന്ന വ്യക്തിയുടെ പേരില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/24.01.2023) പഞ്ചായത്ത് കമ്മിറ്റി മുൻപാകെ സമർപ്പിച്ച ലിസ്റ്റിൽ നിന്നും ടിയാളുടെ പേര് ഡാറ്റാ എൻട്രി ചെയ്യാൻ വിട്ടുപോയതാണെന്നും ഗുണഭോക്തൃലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി മുൻപാകെ അപേക്ഷ സമർപ്പിക്കുമെന്നും മറുപടി നല്കിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നല്കുവാൻ പാടുള്ളതല്ല. ഗുണഭോക്തൃലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി അംഗീകാരം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 താല്ക്കാലിക നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടില്ല

ഫയൽ നം.എ5/56/18

ഗ്രാമപഞ്ചായത്തിലെ സുജീവനം പാർക്ക് കീപ്പർ, അറിവകം ലൈബ്രറിയിലെ ലൈബ്രേറിയൻ, എന്നീ തസ്തികകളിൽ ഓരോ താല്ക്കാലിക ജീവനക്കാരെ നിയമിച്ച്, തനതു ഫണ്ടിൽ നിന്ന് പ്രതിമാസം 6000/- രൂപ നിരക്കിൽ വേതനം നൽകി വരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ1.11.2017 ലെ 3/3(1) തീരുമാന പ്രകാരം താൽക്കാലികമായി മേൽ രണ്ട് ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു. സർക്കാരിലേയ്ക്ക് 12.10.2018 ന് കത്ത് നൽകിയതായും കാണുന്നു. (കത്ത് നം.എ5/56/18) എന്നാൽ നാളിതുവരെ സർക്കാർ അനുമതി ലഭ്യമായിക്കാണുന്നില്ല, 26.02.2016ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.28/2016/ധന. പ്രകാരം താല്ക്കാലിക നിയമനങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദിവസവേതനം / താത്ക്കാലിക നിയമനങ്ങൾ 05.02.14 ലെ 'ലേബർ ആന്റ് റീഹാബിലിറ്റേഷൻ (ജി) ഡിപ്പാർട്ട്മെന്റ്' സർക്കുലർ നം. 25941/G2/2013/LBR, പ്രകാരം പി.എസ്.സി.നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേയ്ക്കുമുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ വിഷയം 2019-20, 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റ് വർഷത്തിലും മേൽ രണ്ട് താല്ക്കാലികനിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടില്ല. താല്ക്കാലിക നിയമനങ്ങൾക്ക് സർക്കാരിന്റെ അനുമതി നേടേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നം.22/25-01-23)

## 1-25 വിനിയോഗ സാക്ഷ്യപത്രം, ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം /പദ്ധതിയുടെ വിവരം | തുക കൈമാറിയ സ്ഥാപനം | ബിൽ നം/ വൗച്ചർ നം /തിയതി | തുക |
|---|---|---|---|---|
| 1 | 19/22<br>ക്യാൻ തൃശ്ശൂർ വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | ജില്ലാ പഞ്ചായത്ത് | 22100753/ 17.1.22 | 50000 |
| 2 | 1/22<br>ഐ കെ എം വിഹിതം നൽകൽ | ഐ കെ എം | 22100344/ 5.7.21 | 45705 |

| | | | | |
|---|---|---|---|---|
| | (വികസന ഫണ്ട് ജനറൽ) | | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-3/19.1.23)

## 1-26 കുടിവെള്ളപദ്ധതികൾ - ബാലൻസ് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയതിൽ പ്രവൃത്തിക്കായി നൽകിയ തുകയിൽ ചെലവ് കഴിച്ച് ബാലൻസ് തുകയുള്ളതായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്. ബാലൻസ് തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി നം / പദ്ധതിയുടെ പേര് | വൗച്ചർ നം/ തിയതി/ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 1 | 94/22 ലക്ഷംവീട് കുടിവെള്ള പദ്ധതി ബോർവെൽ പൈപ്പ് ലൈൻ | XVFC/2021-22 /P/16/7.3.22 തുക – 112000/- | 111567 | 433 |
| 2 | 170/22 പന്തല്ലൂർ കുടിവെള്ള പദ്ധതി - ബോർവെൽ | 22100685/17.3.22 തുക – 112000/- | 63161 | 48839 |
| 3 | 93/22 നീർക്കാട് കുടിവെള്ള പദ്ധതി | XVFC/2021-22 /P/24/24.3.22/ തുക -105000 | 78742 | 26258 |

( ഓഡിറ്റ് എൻക്വയറി നം -3/19.1.23)

## 1-27 വീട് വാസയോഗ്യമാക്കൽ - അർഹതയില്ലാതെ ആനുകൂല്യം നൽകി തുക തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ – വി ഇ ഒ

പ്രോജക്ട് നം - 72/22

വൗച്ചർ നം-22100791 / 22.12.21, തുക - 10,000/-

പദ്ധതി പ്രകാരം 30000 രൂപയാണ് ഒരു ഗുണഭോക്താവിന് അനുവദിക്കുന്നത് ഇതിൽ സുബ്രു, വെള്ളാങ്ങൽ എന്നയാൾക്ക് 10000 രൂപ മേൽ ബിൽ പ്രകാരം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ ഭാര്യ അനിതയുടെ പേരിൽ 2017-18, 2018-19വർഷങ്ങളിലായി വീട് പുനരുദ്ധാരണത്തിന് 75000 കൈപ്പറ്റിയിട്ടുണ്ട് ( രജിസ്റ്റർ പ്രകാരം 27.2.18 ലും 25.6.18 ലും 37500 വീതം) മേൽ പ്രകാരം ആനുകൂല്യം നൽകിയതിനാൽ 10000 തിരിച്ചടയ്ക്കാൻ തീരുമാനിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. തുക തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി (9/24.1.23) നൽകിയതിന് ടിയാൻ 10000 രൂപയുടെ വാല്യവേഷൻ ഹാജരാക്കി എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അർഹത ഇല്ലാതെ അനുവദിച്ച 10000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവനപദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭവാനി, W/o രാജ്ജ, അയ്യംപറമ്പ് ഹൗസ്, ചൊവ്വന്നൂർ, എന്ന ഗുണഭോക്താവ് 27.2.21 ന് അഡ്വാൻസ് തുകയായി 40000രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. ഭവനനിർമ്മാണം തുടരാത്തതിനാൽ ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (9/24.1.23) യ്ക്ക് തറപ്പണി പൂർത്തീകരിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 1-29 അങ്കണവാടി അനുപൂരക പോഷകാഹാരം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

അങ്കണവാടി അനുപൂരക പോഷകാഹാരം എന്ന പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം - 68/22

1.ബിൽ നം - 2/21-22/18.8.21, തുക- 182611/-

അങ്കണവാടിയിലേക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ സപ്ലൈക്കോയുടെ ഇൻവോയ്സ് നം 0802126/20652, തി. 5.3.22 പ്രകാരം മേൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയത് പരിശോധിക്കരീതിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല.

2. ബിൽ നം - 7/21-22/30.5.21, തുക- 105446

(വൗച്ചർ നം-22100866/20.9.21)

(1) സപ്ലൈക്കോയുടെ ഇൻവോയ്സ് നം 0802126/20651 തി. 27.3.21 പ്രകാരം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ 45439 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ സ്റ്റോക്ക് പരിശോധിച്ചതിൽ 2020-21 വർഷത്തിൽ ഓഡിറ്റ് പരിശോധന നടത്തിയതായി കാണുന്നു. ആയതിനാൽ കൃത്യത പരിശോധിക്കുന്നതിനായി 2020-21 വർഷത്തെ ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കുകയുണ്ടായില്ല.

(2) സപ്ലൈക്കോയുടെ ഇൻവോയ്സ് നം 0802126/20653 തി. 27.3.21 പ്രകാരം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ 56665 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 56665 രൂപയിൽ 10249രൂപ 20-21വർഷത്തിൽ അനുവദിച്ചതായും ബാക്കി 46415രൂപയാണ് 21-22 ൽ പാസ്സാക്കിയത് എന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം ബിൽ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. അധികം തുക നൽകാൻ ഇടവന്നിട്ടുണ്ടെങ്കിൽ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുടർന്നുള്ള ബില്ലുകളിൽ നിന്നും തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. വൗച്ചർ നം - 22100408/20.1.22, തുക- 55910/-

അമൃതം ഫുഡ് സപ്ലിമെന്റ് 750KG ഇൻവോയ്സ് നം -1663/12.11.21 പ്രകാരം വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി കാണുന്നില്ല.

4. വൗച്ചർ നം - 22100581/14.3.22, തുക 331374

22100693/11.3.22, തുക- 132298/-

സപ്ലൈക്കോയുടെ ഇൻവോയ്സ് നം 0802126/20663, തി. 1.1.22 പ്രകാരം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ 141643 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 411 Kg ശർക്കര സ്റ്റോക്കിലെടുത്ത് വിതരണം നടത്തി കാണുന്നില്ല.

5.വൗച്ചർ നം - 22100693/11.3.22, തുക- 132298/-

സപ്ലൈക്കോയുടെ ഇൻവോയ്സ് നം 0802126/20662 തി. 1.1.22 പ്രകാരം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ 41471 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ((10/24.1.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മുകളിൽ പരാമർശിച്ചിട്ടുള്ള രേഖകളും സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി ആയതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. കൂടാതെ അധികം തുക നൽകിയ സംഗതിയിൽ ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം -രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം - 64/22

ബിൽ നം - 20/21-22/7.3.22 തുക 387996/-

(വൗച്ചർ നം -22100698/7.3.22)

പദ്ധതി പ്രകാരം കെൽട്രോൺ മുഖേന മുച്ചക്രവാഹനം വാങ്ങി താഴെപ്പറയുന്ന നാല് ഗുണഭോക്താക്കൾക്കാണ് വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ ആരും തന്നെ വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

- സുമേഷ് സുകുമാരൻ, മുതിരംപറമ്പത്ത് വീട്

- കുമാരൻ പറങ്ങനാട്ട്, ചൊവ്വന്നൂർ

- ജ്വൽന, താണിക്കൽ ചൊവ്വന്നൂർ

- സലാമ, വന്നേരിവളപ്പിൽ

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ((10/24.1.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 387996/- രൂപ താത്ക്കാലികമായി തടസ്സത്തിൽ വെയ്ക്കുന്നു.

## 1-31 ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ,അനുബന്ധ സാമഗ്രികൾ വാങ്ങൽ -സ്കാനർ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് -36/22ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രികൾ വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഫണ്ട് (മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ -100000

ചെലവ്-57819

ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. 7069 രൂപ സ്കാനറിന്റെ വിലയിനത്തിൽകേരള സ്റ്റേറ്റ് ഐ.ടി മിഷന് കൈമാറിയിട്ടുണ്ട് (ട്രഷറി ബിൽ നം.4/18-1-22, തുക-7069). എന്നാൽ സ്കാനർ നാളിതു വരെ ലഭ്യമായിട്ടില്ല. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ 4-1-23ലെ കത്തിൽ, സ്കാനർ ലഭ്യമാകാൻ കാലതാമസം നേരിടുമെന്നതിനാൽ കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയ തുക റീഫണ്ട് ചെയ്യാനുള്ള സൗകര്യം ഉള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ സ്കാനർ നാളിതു വരെ ലഭ്യമാകുകയോ, തുക റീഫണ്ട് ചെയ്യുകയോ ഉണ്ടായിട്ടില്ല. വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 16/24-1-23)മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്,

## 1-32 മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ– മെഡിക്കൽ ഓഫീസർ, ആയുർവേദം

പദ്ധതി നമ്പർ- 43/22

ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ-700000

ചെലവ്-

വൗച്ചർ നമ്പർ- 22100848/18.10.21, തുക-400000

വൗച്ചർ നമ്പർ- 22300707/4-3-22, തുക-300000

ആകെ 700000

ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി 700000 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 6,35,487 രൂപയ്ക്കുള്ള മരുന്നു ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് മാത്രമാണ് ഫയലിലുള്ളത്. ബാക്കി 64513രൂപയ്ക്ക് മരുന്നു ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, മരുന്ന് സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി (എൻക്വയറിനമ്പർ 7/23.01.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെരേഖകൾ, ടാക്സ് ഇൻവോയ്സ്, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 പൂർത്തീകരണ കാലതാമസത്തിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ 2012-ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള

അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകാനായി, കരാറുകാരൻ അപേക്ഷ നൽകുകയോ, ഭരണസമിതി തീരുമാനമെടുക്കുകയോ ചെയ്ത രേഖകൾ ഫയലില്ല. പൂർത്തീകരണ കാലതാമസത്തിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പൂർത്തീകരണ കാലതാമസത്തിന് 18699 രൂപ പിഴ ഈടാക്കി, അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1. | 108/22 വയോജന സൗഹൃദ വനിതപരിശീനകേന്ദ്രംഅറ്റകുറ്റപണി (സ്പിൽഓവർ)<br>മുൻവർഷനമ്പറുകൾ<br>82/20,121/21<br>അടങ്കൽ-1100000<br>സാങ്കേതികാനുമതി-62519/19-20 /dt.22-9-19<br>പൂർത്തീകരണ കാലാവധി-ആറുമാസം<br>ചെലവ്-895398<br>കരാറുകാരൻ - മോഹനൻ.പി<br>PAC 934932.21<br>എഗ്രിമെന്റ് നം.37/AE/LSGD/CHNR /19-20-dt.28-10-2019<br>അളവു പുസ്തകം-40/2017-18<br>ഫൈനൽബിൽ -196451<br>ട്രഷറി ബിൽ 9/8-10-21<br>വൗച്ചർനം-ലഭ്യമല്ല<br>പാർട്ട് ബിൽ(1)524871<br>പാർട്ട് ബിൽ(2)174076 | 28-10-19 | 27-4-20(TS പ്രകാരം ആറുമാസം , (സ.ഉ.(സാധാ)നം.1444/2021 /ത.സ്വ.ഭ.വ. തീയതി -24-7-2021 പ്രകാരമുള്ള ഇളവു പ്രവൃത്തിക്കു ബാധകമാകുന്നില്ല | 14-1-21 | 2% Of PAC<br>=2%<br>OF<br>934932.21= 18699 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 65600 | 126/22 – വീട്ടുവളപ്പിൽ മത്സ്യകൃഷി | 32800 | 32800 |
| | | 500000 | 30/22 – ശിവജി റോഡ് മെയിന്റനൻസ് | 445341 | 54659 |
| | | 639804 | 96/22 – ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി (ജനറൽ) | 59608 | 580196 |
| | | 500000 | 71/22 - ലൈഫ് മിഷൻ സ്ഥലം വാങ്ങൽ (ജനറൽ) | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | 51/22 – പാലിയേറ്റീവ് കെയർ | 0 | 200000 |
| | | 60000 | 9/22 – സമഗ്ര പച്ചക്കറി വികസനം | 0 | 60000 |
| | | 336492 | 108/22 – വയോജന സൗഹൃദ വനിതാ പരിശീലന കേന്ദ്രം | 196451 | 140041 |
| | | 1000000 | 111/22 – പന്തല്ലൂർ പഴന്നാന റോഡ് റീടാറിംഗ് | 969711 | 30289 |
| | | 300000 | 129/22 – വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ | 0 | 300000 |
| | | 608159 | 130/22 – കുറുനെല്ലി പറമ്പ് അംഗൻവാടിയുടെ മുൻവശം റോഡ് ടാറിങ് | 0 | 608159 |
| | | 600000 | 67/22 – ലൈഫ് ഭവന നിർമ്മാണം ജനറൽ | 0 | 600000 |
| | | 29400 | 133/22 – ലൈഫ് മിഷൻ സ്ഥലം വാങ്ങൽ (എസ്.സി.) | 0 | 29400 |
| | | 414627 | 97/22 – ലൈഫ് | 0 | 414627 |

| | | | | | |
|---|---|---|---|---|---|
| | | | മിഷൻ ഭവന നിർമ്മാണ പദ്ധതി(എസ്.സി.) | | |
| | | 1000000 | 160/22 – മൂന്ന് സെന്റ് കോളനി കുടിവെള്ള പദ്ധതി | 0 | 1000000 |
| | | 173350 | 81/22 – കോവിഡ് പ്രതിരോധം | 0 | 173350 |
| | | 200000 | 65/22 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന സ്കോളർഷിപ്പ് | 0 | 200000 |
| | | 639804 | 96/22 – ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 0 | 639804 |
| | | 500000 | 71/22 – ലൈഫ് സ്ഥലം വാങ്ങൽ (ജനറൽ) | 200000 | 300000 |
| | | 200000 | 69/22 – ലൈഫ് ഭവന നിർമ്മാണം (എസ്.സി.) | 151922 | 48078 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർ-വ്വഹണ ഏജൻ-സി | പ്രവൃത്തി-യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർ-ത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| GWD | 94/22 ലക്ഷം വീട് കുടിവെള്ള പദ്ധതി ബോർവെൽ,പൈപ്പ് ലൈൻ | XV FC/2021-22/P/16 | 112000 | 111567 | പൂർത്തീകരിച്ചു | 433 |
| GWD | 93/22 നീർക്കാട് കുടിവെള്ള പദ്ധതി | XV FC/2021-22/P/24 | 105000 | 78742 | പൂർത്തീകരിച്ചു | 26258 |
| GWD | 170/22 പന്തല്ലൂർ കുടിവെള്ള പദ്ധതി | 22100685/ 17.03.2022 | 112000 | 63161 | പൂർത്തീകരിച്ചു | 48839 |
| KSEB | 89/22സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 22100379 DTD 11.01.22<br>22100634 DTD 30.03.22 | 195998 | 195998 | പൂർത്തീകരിച്ചു | 0 |
| KSEB | 90/22 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 22100380 DTD 11.01.22<br>22100479 DTD 16.02.2022 | 161341 | 161341 | പൂർത്തീകരിച്ചു | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | NIL | |
| 3 | ആകെ | 5000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | NIL | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 5000 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | | 3276000 | 660000 | | 2616000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | - | - | തൊഴിൽ നികുതി അപാകതകൾ – തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായ എഴുതി സൂക്ഷിക്കുന്നില്ല സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവ കൃത്യമായി സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതി വരവിലെ നഷ്ടം | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | തിട്ടപ്പെടുത്താൻ കഴിയാതെ വന്നു | |
| 2015-16 | 2-3(A), 2-3(B) | - | - | ചൊവ്വന്നൂർ പോസ്റ്റ് ഓഫീസിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| | | - | - | കല്യാണമണ്ഡപങ്ങൾ/ ഓഡിറ്റോറിയങ്ങൾ റേഷൻ ഡീലർമാർ കരാറുകാർ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58628309 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58371698 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 387996 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 387996 | മിഥുല എം., ഐ. സി. ഡി. എസ്. സൂപ്പർവൈസർ |
| ആകെ | 387996 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മിഥുല എം., ഐ. സി. ഡി. എസ്. | ചൊവ്വന്നൂർ ഐ. സി. ഡി. എസ്. | മേലേപ്പുറത്ത് വീട്, മണലൂർ പി.ഒ., |

| സൂപ്പർവൈസർ | സൂപ്പർവൈസർ | തൃശ്ശൂർ 680617 |
|---|---|---|

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT 10-1011/98 Dtd.18.03.99/ 09.04.99 | 24 | 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24 | |
| 2 | 1998-99 (വരവ്) | LFT 10-2113/06 Dtd.15.05.07/ 13.11.07 | 2 | 2-1, 4-3 | |
| 3 | 1998-99 (ചെലവ്) | LFT 10-173/2000 Dtd.15.05.01/ 07.08.01 | 34 | 4, 5, 7, 8, 13, 17, 18, 21, 22, 23, 24, 25, 26, 28, 35, 36, 37, 38, 40, 41, 44, 47, 49, 50, 51, 52, 53, 54, 55, 56, 58, 60, 61, 62 | |
| 4 | 1999-2000 | LFT 10-2114/06 Dtd.10.04.06/ 13.11.07 | 3 | 2-2, 3-2, 3-3 | |
| 5 | 1999-2000 To 2001-02 (ജനകീയാസൂത്രണം) | LFT 10-1372/03 Dtd.07.01.04/ 20.02.04 | 10 | 3, 4, 5, 7, 8, 9, 10, 11, 12, 14 | |
| 6 | 2002-03 | LFT 10-1270/08 Dtd.07.09.09/ 05.12.09 | 1 | 3-5 | |
| 7 | 2004-05 | LFT 10-2600/08 Dtd.16.04.10/ 16.08.10 | 4 | 3-6, 3-6(2), 3-7, 3-8 | |
| 8 | 2005-06 | LFT 10-692/09 Dtd.17.06.2010 | 1 | 3-4 | |
| 9 | 2007-08 | LFT 10-1148/10 Dtd.01.03.11/ 13.10.11 | 9 | 2-1, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12 | |
| 10 | 2008-09 | LFT 10-1149/10 Dtd.01.03.11/ 13.10.11 | 6 | 2-3(a,b,c), 3-7, 3-9, 3-10, 3-11, 3-12 | |
| 11 | 2009-10 | LFT P2-368/12 Dtd.03.04.12/ 05.07.12 | 10 | 3-1, 3-2A, 3-2B, 3-3, 3-4, 3-5A, 3-5B, 3-6, 3-8, 3-9 | |
| 12 | 2010-11 | LFT P2-369/12 Dtd.09.04.12/ 05.07.12 | 7 | 2-6, 3-1, 3-4, 3-5, 3-6, 3-7, 3-8 | |
| 13 | 2011-12 | LFT P6-1233/13 | 9 | 1-6(1-4), 2-2, | |

| | | | | | |
|---|---|---|---|---|---|
| | | Dtd.08.11.13/ 01.01.14 | | 2-3(1), 3-2, 3-3, 3-4, 3-5, 3-7, 3-8A | |
| 14 | 2012-13 | LFT P6-373/14<br>Dtd.11.08.14/ 17.09.14 | 9 | 3-1, 3-3, 3-4, 3-6, 3-9, 3-11, 3-12, 3-15, 3-16 | |
| 15 | 2013-14 | LFT P9-258/15<br>Dtd.07.05.15/ 08.05.15 | 2 | 3-13, 3-14 | |
| 16 | 2014-15 | KSA-TSR(P9)-916/16<br>Dtd.14.06.16 | 3 | 2-3, 3-1(1,2,5), 3-5 | 2-3- CAR |
| 17 | 2015-16 | KSA-TSR(P9)-1731/16<br>Dtd.18.11.16/ 05.01.17 | 5 | 2-1, 2-3, 3-4, 3-6,<br>3-11 | 2-3(A),<br>2-3(B)- CAR |
| 18 | 2016-17 | KSA-TSR(P9)-1316/17<br>Dtd.23.11.17/ 30.11.17 | 3 | 2-1, 3-11, 3-15 | |
| 19 | 2017-18 | KSA-TSR(P6)-1588/18<br>Dtd.07.12.18/ 07.01.19 | 4 | 2-5, 2-10, 3-4, 3-8 | |
| 20 | 2018-19 | നം.കെ.എസ്.എ.<br>ടി.എസ്.ആർ<br>(പി.6)1701/2019<br>തീ.20/01/2020 | 14 | 1-9, 1-11, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-20, 1-21, 1-22,<br>1-25, 1-26,<br>1-27 | |
| 21 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി2)<br>878/21/2021<br>തീ. 05/07/2021 | 30 | 1-11-2, 1-11-3, 1-11-4, 1-11-5, 1-11-6, 1-11-7, 1-12, 1-12-1,<br>1-12-3, 1-12-4, 1-12-5, 1-13, 1-13-1, 1-13-2, 1-15, 1-16, 1-17, 1-19, 1-21, 1-22, 1-24, 1-26-1, 1-27, 1-28, 1-29a, 1-31, 1-32, 1-33, 1-34, 1-35 | |
| 22 | 2020-21 | KSA TSR(P2)978/2022<br>Dtd 02/07/2022 | 50 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28,<br>1-29, 1-30,<br>1-31, 1-32, 1-33, 1-34, 1-35,<br>1-36, 1-37, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-38, 1-39,<br>1-40, 1-41,<br>1-42, 1-43,<br>1-44, 1-45,<br>1-46, 1-47,<br>1-48, 1-49,<br>1-50, 1-51,<br>1-52, 1-53,<br>1-54, 1-55,<br>1-56, 1-57,<br>1-58, 1-59 | |
| | ആകെ | | 240 | | |

ഡെപ്യൂട്ടി ഡയറക്ടർ .

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്